"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ഐ.ഷെമീമിനെതിരായ അച്ചടക്ക നടപടി -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.433/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/02/2021

---

പരാമർശം:- 1 വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.09.2015 തീയതിയിലെ ഇ1-(എസ്.സി2/15/എസ്.ആർ.റ്റി)-43750/14 നമ്പർ മിന്നൽ പരിശോധനാ റിപ്പോർട്ട്.

2 02.03.2016 തീയതിയിലെ ഇപിബി2/18/2016/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3 ശ്രീമതി. ഐ.ഷെമീമിൻറെ 23.04.2016 തീയതിയിലെ എതിർവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 10.03.2017 തീയതിയിലെ ഡി3-9579/16 നമ്പർ കത്ത്

5 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗം 29.06.2017 ൽ അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട്

6 05.01.2018 തീയതിയിലെ ഇപിബി2/18/2016/തസ്വഭവ നമ്പർ കുറ്റപത്രം

7 ശ്രീമതി. ഐ.ഷെമീമിൻറെ 01.03.2018 തീയതിയിലെ എതിർവാദ പത്രിക

8 പഞ്ചായത്ത് ഡയറക്ടറുടെ 18.07.2018 തീയതിയിലെ ഡി3-2443/18 നമ്പർ അഭിപ്രായ റിപ്പോർട്ട്.

9 സ.ഉ(സാധാ) നം. 2793/2018/തസ്വഭവ തീയതി 01.11.2018

10 14.01.2019 ലെ ഡി3/9579/2016 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

11 12.02.2020 തീയതിയിലെ ഇപിബി2/18/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

12 ശ്രീമതി. ഐ.ഷെമീമിൻറെ 14.02.2020 തീയതിയിലെ എതിർവാദ പത്രിക

13 കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻറെ 16.01.2021 ലെ എ1- 2/80/2020-കെ.പി.എസ്.സി നമ്പർ കത്ത്

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ഐ.ഷെമീം മംഗലാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് അഴിമതിയും സ്വജനപക്ഷപാതവും പണപ്പിരിവും നടത്തുന്നതായും, ശ്രീ.ഇക്ബാൽ എന്നയാളുടെ ഉടമസ്ഥതയില്ലുള്ള വയൽ ഭൂമി നികത്തുന്നതിന് നിയമവിരുദ്ധമായി അനുമതി നൽകിയതായും ആരോപിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ മുമ്പാകെ ലഭിച്ച പരാതിയിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തുകയുണ്ടായി . പ്രസ്തുത അന്വേഷണത്തിൽ "മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ വെയിലൂർ വില്ലേജ് സർവ്വേ നമ്പർ 238/2ൽപ്പെട്ട 12 ആർ സ്ഥലം നിലമായിരിക്കവെ ആയത് മറച്ചുവെച്ച് നൽകിയ അപേക്ഷയിൽ യാതൊരു

അന്വേഷണവും നടത്താതെ മേൽ തോന്നയ്ക്കൽ വില്ലേജ് ആഫീസിൽ നിന്നും ഒരു റിപ്പോർട്ട് വാങ്ങി അപേക്ഷയിലോ റിപ്പോർട്ടിലോ പ്രതിപാദിക്കാത്ത വസ്തുതകൾ വച്ച് 19/11/2014 തീയതി മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി B3-7733/14 നമ്പർ ആയി ഉത്തരവ് ഇറക്കി. ആയത് വസ്തുതാ വിരുദ്ധമാണെന്നു വെളിവാകുന്നു.19.11.14 ലെ B3-7733/14 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മണ്ണ് നീക്കം ചെയ്യാൻ അനുവദിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ അപ്രകാരം ഒരു തീരുമാനം ഉള്ളതായി രേഖകളിൽ കാണുന്നില്ല" എന്നും കണ്ടെത്തി . മേൽ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വെയിലൂർ വില്ലേജ് ഓഫീസുമായി ബന്ധപെട്ട അപേക്ഷ യാതൊരു അന്വേഷണവും നടത്താതെ മേൽ തോന്നയ്ക്കൽ വില്ലേജിലേക്ക് അയക്കുകയും അപേക്ഷയിലും റിപ്പോർട്ടിലും പ്രതിപാദിക്കാത്ത കാര്യങ്ങൾ വച്ച് വസ്തുതാവിരുദ്ധമായി 19.11.14 ലെ B3-7733/14 നം ഉത്തരവ് പുറപ്പെടുവിച്ച മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.ഐ.ഷെമീമിന് എതിരെ വകുപ്പുതല അച്ചടക്ക നടപടി കൈകൊള്ളുന്നതിന് ശുപാർശ ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പ് മിന്നൽ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി .

വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തു നൽകിയ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി . ഐ . ഷമീമിനെതിരെ ലഘുശിക്ഷക്കുള്ള വകുപ്പുതല നടപടി കൈക്കൊണ്ട് പരാമർശം(2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ആയതിന് ടിയാൾ പരാമർശം (3) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയും പഞ്ചായത്ത് ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു . പ്രസ്തുത പ്രതിവാദ പത്രികയിൽ പിഴവുകൾ കണ്ടതിനെ തുടർന്ന് ഇക്കാര്യം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെ കൊണ്ട് അന്വേഷണം നടത്തിക്കുകയുണ്ടായി .

പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി പരാമർശം (5) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു .

കുറിപ്പ് ഫയൽ ഇല്ലാതെ നടപ്പ് ഫയൽ മാത്രമുള്ള ഒരു ഫയലാണ് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി . ഐ . ഷെമീം അന്വേഷണ സംഘം മുൻപാകെ ഹാജരാക്കിയത് . പ്രസ്തുത ബി3/7733/14 എന്ന ഫയൽ സെക്രട്ടറി തന്റെ കൈവശമാണ് സൂക്ഷിച്ചുവരുന്നതെന്നും മുൻപ് വിജിലൻസ് അന്വേഷണം നടന്നപ്പോൾ തന്റെ കൈവശമുണ്ടായിരുന്ന ഫയൽ ഇതേ രീതിയിലാണ് ആ അന്വേഷണ സംഘം മുൻപാകെ ഹാജരാക്കിയതെന്നും വ്യക്തമാക്കി .

മുല്ലശ്ശേരി ഹൗസിൽ ശ്രീ . ഇക്ബാൽ തന്റെ ഉടമസ്ഥതിയിലുള്ള വെയിലൂർ വില്ലേജിലെ സർവ്വേ നം . 238/2- ൽ ഉൾപ്പെട്ട നിലവിൽ കൃഷിയോഗ്യമല്ലാത്ത 12 ആർ വസ്തു കൃഷിയോഗ്യമാക്കുന്നതിലേക്കായി തന്റെ തന്നെ ഉടമസ്ഥതയിലുള്ള കിംസ് നഴ്സിംഗ് കോളേജ് പരിസരത്തു കൂട്ടിയിട്ടിരുന്ന മണ്ണ് എടുത്തു നിക്ഷേപിക്കുന്നതിന് പെർമിറ്റ് നൽകണമെന്ന് ആവശ്യപ്പെട്ട് 15.11.2014 എന്ന തീയതി രേഖപ്പെടുത്തി ഒരപേക്ഷ സമർപ്പിച്ചിരുന്നു . ഫയൽ പരിശോധനയിൽ അപേക്ഷ സമർപ്പിച്ച തീയതി 15.11.2014 ആണ് എന്ന് വ്യക്തമായി . അപേക്ഷ അന്നേ ദിവസം തന്നെ റിപ്പോർട്ടിനായി മേൽ തോന്നയ്ക്കൽ വില്ലജ് ഓഫീസർക്ക് ബി 1/7733/14 നമ്പർ കത്ത് മുഖാന്തരം അയച്ചിട്ടുണ്ട് . എന്നാൽ കത്തിൽ റീ . സ . നം . 238/2 - ൽ പെട്ട സ്ഥലത്തു മണ്ണ് നിക്ഷേപിക്കുവാൻ എന്നതിന് പകരം അവിടെ നിന്ന് മണ്ണ് നീക്കം ചെയ്യാൻ അനുമതി തേടിയിട്ടുണ്ട് എന്നാണ് എഴുതിയിരിക്കുന്നത് . അപേക്ഷ പ്രകാരം ടി സർവ്വേ നമ്പറിൽ പെട്ട സ്ഥലം വെയിലൂർ വില്ലേജിലാണ് . എന്നാൽ റിപ്പോർട്ട് തേടിയിരിക്കുന്നത് മേൽതോന്നയ്ക്കൽ വില്ലേജ് ഓഫീസറുടേതാണ്. അതായത് അപേക്ഷയിന്മേൽ റിപ്പോർട്ട് തേടിയതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഗുരുതരമായ അശ്രദ്ധ സംഭവിച്ചു . ഈ തെറ്റ് ശ്രദ്ധിക്കാതെ മേൽതോന്നയ്ക്കൽ വില്ലേജ് ഓഫീസർ ആ വില്ലേജിലെ 238/2 - ൽ പെട്ട സ്ഥലത്തുനിന്നും 80 ഘനമീറ്റർ മണ്ണ് എടുത്തുമാറ്റുന്നതു കൊണ്ട് പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാകില്ല എന്നും ആയതിനാൽ അനുമതി നൽകാവുന്നതാണെന്നും കാണിച്ചു 18.11.2014- ൽ പഞ്ചായത്തിന് റിപ്പോർട്ട് നൽകി . മേൽ തോന്നയ്ക്കൽ വില്ലേജിലെ 238/2 - ൽ പെട്ട സ്ഥലം അപേക്ഷകന്റെയല്ല മറ്റാരുടേയോ ആണ് . അപേക്ഷയോടൊപ്പം നൽകിയിരുന്ന കരം തീർത്ത രസീതിൽ വസ്തു വെയിലൂർ വില്ലേജിലാണെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാണെന്നിരിക്കെ മേൽ തോന്നയ്ക്കൽ വില്ലേജ് ഓഫീസർ യാതൊരു തരത്തിലുമുള്ള അന്വേഷണവും നടത്താതെയാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത് എന്ന് അനുമാനിക്കാം . ആവശ്യമായ അന്വേഷണങ്ങൾ നടത്താതെ ടി റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിന്നും 19.11.2014 ൽ ബി3/7733/2014 എന്ന നമ്പറിൽ പുറപ്പെടുവിച്ച ഉത്തരവിൽ മംഗലപുരം ഗ്രാമപഞ്ചായത്തിൽ മേൽ തോന്നയ്ക്കൽ വില്ലേജിൽ ശ്രീ . എം . ഇകബാൽ , മുല്ലശ്ശേരി ഹൗസ് വെയിലൂർ എന്ന ആളിന്റെ ഉടമസ്ഥതയിൽ ഉള്ള റീ . സ . നം .250/1 -1 ൽ പെട്ട 12 ആർ വസ്തുവിൽ നിന്നും 80 ക്യൂബിക് മീറ്റർ മണ്ണ് ടിയാൾക്ക് കാർഷിക ആവശ്യമായതിനായി നീക്കം ചെയ്യുന്നതിനും ആയതു അദ്ദേഹത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ 238/2 എന്ന സർവ്വേ നമ്പറിൽപെട്ട സ്ഥലത്തു നിക്ഷേപിക്കുന്നതിനും 20.11 .2014 തീയതി മുതൽ 26.11 .2014 തീയതി വരെ ഉള്ള ദിവസങ്ങളിൽ ടി പ്രവൃത്തി

നടത്തുന്നതിന് ബി3/ 7733/14 ആം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ഉത്തരവാകുന്നു എന്നാണ് എഴുതിയിരിക്കുന്നത് . കൂടാതെ ഇപ്രകാരം മണ്ണ് ഇടിച്ച് മാറ്റാൻ ഉപയോഗിക്കുന്ന ജെ . സി . ബി യുടെയും മണ്ണ് നീക്കം ചെയ്യാനുപയോഗിക്കുന്ന നാല്യ ലോറികളുടെയും രജിസ്ട്രേഷൻ നമ്പറുകളും ഉത്തരവിൽ ചേർത്തിട്ടുണ്ട് . ഈ ഉത്തരവിൽ പ്രഥമദൃഷ്ട്യാ തന്നെ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അപേക്ഷയിലോ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിലോ പരാമർശിക്കപ്പെടാത്ത 250/1-1 എന്ന സർവ്വേ നമ്പറിലുള്ള സ്ഥലത്തുനിന്നും മണ്ണ് എടുക്കാനാണ് അനുമതി നൽകിയിരിക്കുന്നത് . ഈ സർവ്വേ നമ്പർ എവിടെ നിന്നും ലഭിച്ചതാണെന്നു ഫയലിൽ നിന്നും വ്യക്തമല്ല .
2. വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകൾ ലഭിച്ചതും എവിടെ നിന്നാണെന്ന് അറിയില്ല .

ഈ അപാകതകൾ ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ചോദ്യം ചെയ്യലിന്റെ ഫലമായി കൂടുതൽ ഗൗരവമുള്ള വസ്തുതകൾ അന്വേഷണ സംഘത്തിന് വെളിപ്പെട്ടു .

കറിപ്പ് ഫയൽ നഷ്ടപെട്ടതാണെന്നാണ് സെക്രട്ടറി വിജിലൻസ് അന്വേഷണ സംഘത്തോടും തുടർന്ന് അച്ചടക്ക നടപടികളുടെ ഭാഗമായി സർക്കാരിന് നൽകിയ വിശദീകരണങ്ങളിലും പറഞ്ഞിരുന്നത് . എന്നാൽ കറിപ്പ് ഫയൽ നഷ്ടപെട്ടതല്ല എന്നും നശിപ്പിക്കപ്പെട്ടതാണെന്നുമാണ് ടിയാൾ മൊഴിയിൽ വെളിപ്പെടുത്തിയത് . മൊഴി പ്രകാരം പഞ്ചായത്ത് മെമ്പറായ ശ്രീ . ഹാഷിമിന്റെ സമ്മർദ്ദത്തിലാണ് അപേക്ഷയിന്മേൽ ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചത് എന്നും ബന്ധപ്പെട്ട ക്ലാർക്കിന് പകരം പ്യാരിലാൽ എന്ന ഓഫീസ് അറ്റൻഡന്റ് ആണ് അപേക്ഷയിൽ പ്രാഥമികമായ ഓഫീസ് നടപടികൾ സ്വീകരിച്ചത് എന്നും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തേടിയതിൽ സാരമായ തെറ്റ് പറ്റി എന്നും സെക്രട്ടറി സമ്മതിച്ചിട്ടുണ്ട് . തെറ്റായ സർവ്വേ നമ്പറും മറ്റ് വിശദാംശങ്ങളും ഉൾപ്പെടുത്തി പുറപ്പെടുവിച്ച ഉത്തരവിലെ പാകപ്പിഴകൾ മനസ്സിലാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ഒരു രേഖ ചമച്ച് ഫയലിൽ ചേർക്കുകയും ആദ്യം പുറപ്പെടുവിച്ച ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുത്ത രേഖ ഫയലിൽ നിന്നും നീക്കം ചെയുകയും ചെയ്തു എന്നും അറിയിക്കുകയുണ്ടായി . ഫയലിൽ നിന്നും നീക്കി സ്വന്തം കൈവശം സൂക്ഷിച്ചിരുന്ന യഥാർത്ഥ ഉത്തരവ് സെക്രട്ടറി അന്വേഷണ സംഘം മുൻപാകെ ഹാജരാക്കി . ഇത്തരത്തിൽ ഫയലിൽ കൃത്രിമം കാണിക്കുകയും വ്യാജ രേഖ ചമക്കുകയും ചെയ്തത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും മനഃപൂർവം ഉണ്ടായ അതീവ ഗുരുതരമായ തെറ്റാണ് .

പഞ്ചായത്തിന്റെ ഉത്തരവിനെതിരെ പരാതിയുണ്ടായപ്പോൾ പ്രസ്തുത അനുമതി റദ്ദ് ചെയ്തുകൊണ്ട് 24.11.2014 ൽ ഉത്തരവിറക്കി . ഇതിനോടകം ഫയലിൽ ക്രമവിരുദ്ധമായി നടപടികൾ സ്വീകരിച്ചിട്ടുള്ളതുകൊണ്ടും അവയുടെ ഉത്തരവാദിത്തം തന്റെ മേൽ കൂടി വരുമെന്ന് ഭയന്ന് ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി.ജലജ കറിപ്പ് ഫയൽ കീറി നശിപ്പിക്കുകയാണുണ്ടായത് എന്നാണ് കുറ്റാരോപിതയായ ശ്രീമതി.എം. ഷെമീം മൊഴി നൽകിയിട്ടുള്ളത് . ഇപ്രകാരം രേഖ നശിപ്പിക്കുകയെന്ന അതിഗുരുതരമായ ക്രമക്കേട് നടത്തുക വഴി ഈ പരാതിയിൽ ശ്രീമതി . ജലജ കൂടി കുറ്റക്കാരിയാവുകയാണ് .

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീമിന്റെ അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന കണ്ടെത്തലുകളുമുണ്ടായി .

1. അപേക്ഷയിന്മേൽ റവന്യൂ വകുപ്പിന്റെ റിപ്പോർട്ട് തേടുന്നതിൽ ഗുരുതരമായ വീഴ്ച പറ്റിയിട്ടുണ്ട്. വെയിലൂർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തേടുന്നതിന് പകരം മേൽ തോന്നയ്ക്കൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനായാണ് കത്ത് അയച്ചത് .
2. പഞ്ചായത്ത് തലത്തിൽ അപേക്ഷയിൽ യാതൊരു അന്വേഷണവും നടത്തിയില്ല .
3. ബന്ധപ്പെട്ട ക്ലാർക്കിന് പകരം ഓഫീസ് അറ്റൻഡന്റിനെ കൊണ്ട് ഫയൽ നടപടികൾ സ്വീകരിപ്പിച്ചു . ക്രമവിരുദ്ധമായ ഈ നടപടിക്ക് ഓഫീസ് മേലധികാരി എന്ന നിലയിൽ സെക്രട്ടറി ഉത്തരവാദിയാണ് .
4. വില്ലേജ് ഓഫീസറുടെ വസ്തുതകളുമായി യോജിക്കാത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയലിൽ ഇല്ലാത്ത രേഖകൾ ഉൾപ്പെടുത്തി ഉത്തരവിറക്കി .
5. ക്രമക്കേടുകൾ വെളിപ്പെടുമെന്ന് ഭയന്ന് ഇറക്കിയ ഉത്തരവ് ഫയലിൽ നിന്നും നീക്കം ചെയുകയും പകരം ഒരു വ്യാജ രേഖ ചമച്ച് ഫയലിൽ ചേർക്കുകയും ചെയ്തു.
6. സെക്രട്ടറിയുടെ വെളിപ്പെടുത്തലുകൾ പ്രകാരം കറിപ്പ് ഫയൽ നശിപ്പിക്കുക വഴി ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി . ജലജയും കുറ്റക്കാരിയാണ് .

വിജിലൻസ് വിഭാഗം മുമ്പാകെ കൊടുത്ത മൊഴിയിലും സർക്കാർ കുറ്റപത്രത്തിനുള്ള മറുപടിയിലും ഉയർത്തിയ വാദങ്ങളിൽ നിന്നും വ്യത്യസ്തമായാണ് പഞ്ചായത്ത് സെക്രട്ടറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് അന്വേഷണ സംഘം മുൻപാകെ മൊഴി നൽകിയിരിക്കുന്നത്.

പെർഫോമൻസ് ഓഡിറ്റ് ശുപാർശയെ തുടർന്ന് മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.ഐ. ഷെമീമിനെതിരെ കഠിനശിക്ഷക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ശ്രീമതി . ഷെമീമിന് പരാമർശം (6) പ്രകാരം പുതുക്കിയ കുറ്റാരോപണ പത്രിക നല്കുകയും ടി കുറ്റാരോപണ പത്രികയ്ക്ക് ശ്രീമതി . ഷെമീം പരാമർശം(7) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുമുണ്ടായി .

ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (8) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ ഇക്ബാൽ , മുല്ലശ്ശേരി ഹൗസ് എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ടിയാന്റെ ഉടമസ്ഥതയിലുള്ള റീ സർവ്വേ നമ്പർ 250 /1-1 ൽപ്പെട്ട വസ്തുവിൽ നിന്നും 80 ക്യൂബിക് മീറ്റർ മണ്ണ് ടിയാൾക്ക് കാർഷികാവശ്യത്തിനായി നീക്കം ചെയ്യുന്നതിനും ആയത് ടിയാന്റെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ 238/2 എന്ന സർവ്വേ നമ്പറിൽപെട്ട സ്ഥലത്ത് നിക്ഷേപിക്കുന്നതിനും അനുവദിച്ച് 19.11.2014 ലെ ബി 3-7733 /14 നമ്പരായി ഉത്തരവായിട്ടുള്ളതാണ് . ടി ഉത്തരവ് 24 .11 .2014 ലെ ബി 3 -7733 /14 നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട് . സെക്രട്ടറിയുടെ 19 .11 .2014 ലെ ബി 3 -7733/ 14 ർ നമ്പർ ഉത്തരവ് തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള അപേക്ഷയിന്മേലാണ് പുറപ്പെടുവിക്കേണ്ടിവന്നതെന്ന് വ്യക്തമായപ്പോൾ 5 ദിവസത്തിനുശേഷം 24 .11 .2014 ൽ തന്നെ ഉത്തരവ് റദ്ദാക്കിയിട്ടുള്ളതാണെന്ന സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതാണ്. വില്ലേജ് ഓഫീസർ വരുത്തിയ പിഴവുകൾ കാരണമാണ് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ സെക്രട്ടറിക്ക് പിഴവ് സംഭവിച്ചതെന്ന സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതല്ല. സാധാരണ ഗതിയിൽ ഉത്തരവ് സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി ജൂനിയർ സൂപ്രണ്ട് പരിശോധിച്ചതിനുശേഷമാണ് സെക്രട്ടറി ഉത്തരവിൽ ഒപ്പ് വയ്ക്കേണ്ടത് . പ്രസ്തുത സാഹചര്യത്തിൽ സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിൽ പിഴവുണ്ടായി എന്ന വാദം അംഗീകരിക്കാവുന്നതല്ല . മണ്ണ് നീക്കം ചെയ്യുന്നതിന് സെക്രട്ടറി 19 /11 /2014 ൽ അനുവദിച്ച ബി 3-7733 /14 നമ്പർ ഉത്തരവ് 24 .11 .2014 ൽ റദ്ദ് ചെയ്തതിനുശേഷം അപേക്ഷകൻ മണ്ണ് നീക്കം ചെയ്യുന്നതിന് മൂന്നു ദിവസത്തെ അധിക സമയം അനുവദിച്ചു നൽകണമെന്ന് കാണിച്ച് 26 .11 .2014 ൽ അപേക്ഷ നൽകിയിരുന്നു . ആയതിൽ നിന്നും അപേക്ഷകൻ ക്രമരഹിതമായി മണ്ണ് നീക്കം ചെയ്തുവെന്ന് കരുതാവുന്നതല്ല എന്ന സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതാണ്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ മംഗലാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിൽ പിശകുകൾ കടന്നു കൂടിയിട്ടുണ്ട് . വേണ്ടത്ര അവധാനതയോടും സൂക്ഷ്മതയോടുമല്ല ടിയാൾ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് . എന്നാൽ പിശക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് പുറപ്പെടുവിച്ച് അഞ്ചു ദിവസങ്ങൾക്കുശേഷം റദ്ദു ചെയ്തു. ടി ഉത്തരവ് ലഭിച്ച ഉടൻ തന്നെ അപേക്ഷകന് മണ്ണ് പൂർണമായും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതായിരുന്നു . എന്നാൽ ടിയാൻ മൂന്നു ദിവസത്തെ അധിക സമയം കൂടി ആവശ്യപ്പെട്ട് അപേക്ഷ നല്കുകയാണുണ്ടായത് . ആയതിൽനിന്നും അപേക്ഷകനെ ക്രമരഹിതമായി സഹായിക്കണമെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലല്ല ടി ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അനുമാനിക്കാവുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

ശ്രീമതി. ഷമീമിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിട്ടുള്ളതിനാൽ ടിയാരിക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുൻപായി ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീമതി ത്രേസ്യാമ്മ ആന്റണിയെ ചുമതലപ്പെടുത്തി പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥ പരാമർശം (10) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി. ഷമീമിനെതിരായ ആരോപണങ്ങൾ പൂർണമായി നിലനിൽക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 27.03.2019 ന് ശ്രീമതി . ഐ. ഷെമീമിനെ നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ ശ്രീമതി . ഷെമീം പഞ്ചായത്തിലെ ബി 1/7733/2014 നം . ഫയൽ ഹാജരാക്കുകയുണ്ടായി . മംഗലപുരം വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തേടിയതിൽ സാരമായ തെറ്റുപറ്റിയതായി സെക്രട്ടറി സമ്മതിക്കുകയുണ്ടായി. ശ്രീ . ഇക്ബാൽ , മുല്ലശ്ശേരി മുല്ലശ്ശേരി ഹൗസ് , വെയിലൂർ എന്നയാൾ തന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ 238 /2 - ൽപ്പെട്ട 12 ആർ വസ്തുവിൽ നിന്നും 80 ക്യൂബിക് മീറ്റർ മണ്ണ് പ്രസ്തുത വസ്തു കൃഷിക്കുപയോഗിക്കുന്നതിനായി നീക്കം ചെയ്യുന്നതിനും അപ്രകാരം മാറ്റം ചെയ്യുന്ന മണ്ണ് അദ്ദേഹത്തിന്റെ ഉടമസ്ഥതിയിലുള്ള മേൽതോന്നക്കൽ വില്ലേജിലെ മറ്റൊരു സ്ഥലത്തു നിക്ഷേപിക്കുന്നതിനുമാണ് അപേക്ഷ നൽകിയിരുന്നത് . ഈ അപേക്ഷ അനുവദിച്ചുകൊണ്ട് 19.11 .2014 ൽ പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ താൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നും മണ്ണ് നീക്കം ചെയുമ്പോൾ സമീപം ഉള്ള വസ്തു ഉടമകളുടെ വസ്തു ഇടിഞ്ഞു പോകുന്നില്ല, നീക്കം ചെയ്ത മണ്ണ് വയലുകൾ, നീർത്തടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിക്ഷേപിക്കുവാൻ പാടില്ല, ടി പ്രവൃത്തികൾ രാവിലെ 6 മണിക്കും വൈകുന്നേരം 6 മണിക്കും ഇടക്കുള്ള സമയത്ത് നടത്തേണ്ടതാണ് എന്നീ നിബന്ധനകളോടെയാണ് 19 .11 .2014 - ലെ ഉത്തരവ് പുറപ്പെടുവിച്ചത് എന്നും അറിയിച്ചു . എന്നാൽ ഈ ഉത്തരവ് തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള അപേക്ഷയിന്മേലാണ്

പുറപ്പെടുവിക്കേണ്ടി വന്നതെന്ന് പിന്നീട് വ്യക്തമായപ്പോൾ 5 ദിവസത്തിന് ശേഷം 24 .11 .2014 - ൽ തന്നെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട് എന്നും ലാൻഡ് റവന്യു റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് ഉത്തവാദിയായ മേൽതോന്നയ്ക്കൽ വില്ലേജ് ഓഫീസർ അപേക്ഷയിന്മേൽ അന്വേഷണം നടത്താതെയും സർവ്വേ നമ്പറിൽ വന്ന പിഴവ് ശ്രദ്ധയിൽ പെടാതെയും റിപ്പോർട്ട് ചെയ്യതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പിഴവുകൾ മംഗലപുരം പഞ്ചായത്ത് ഓഫീസർ എന്ന നിലയിൽ ഉണ്ടായത് എന്നും അപേക്ഷകന് അനർഹമായ നേട്ടമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് എങ്കിൽ , ഉത്തരവ് ലഭിച്ച ഉടൻ തന്നെ മണ്ണ് നീക്കം ചെയ്യുന്നതിനും മണ്ണ് ഇടുന്നതുമായ പ്രവർത്തനങ്ങൾ നടത്തുമായിരുന്നു എന്നും എന്നാൽ അത്തരം പ്രവർത്തനങ്ങൾ ഉത്തരവ് ലഭിച്ച ഉടൻ തന്നെ അപേക്ഷകന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണെന്നും ഉത്തരവിലെ പിഴവുകൾ ബോധ്യമായപ്പോൾ 5 ദിവസത്തിനുള്ളിൽ തന്നെ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചു. കൂടാതെ പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ ടിയാൾ പുറപ്പെടുവിച്ച ഉത്തരവ് യാതൊരു ക്രമരഹിതമായ പ്രവർത്തനങ്ങൾക്കും ഇടവരുത്തിയിട്ടുമില്ല എന്നും ബോധിപ്പിക്കുകയുണ്ടായി. .

വിജിലൻസ് അന്വേഷണത്തിനു വിധേയമായപ്പോൾ വിജിലൻസ് അന്വേഷണ സംഘത്തോടും തുടർന്ന് വിജിലൻസ് ശുപാർശ പ്രകാരം വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നൽകിയ കുറ്റപത്രത്തിന് സെക്രട്ടറിയായ ശ്രീമതി. ഷെമീം സർക്കാരിന് മറുപടി സമർപ്പിച്ചപ്പോഴും വിഷയവുമായി ബന്ധപ്പെട്ട മംഗലപുരം ഗ്രാമപഞ്ചായത്തിലെ ബി 3/7733/14 നമ്പർ ഫയലിന്റെ കുറിപ്പ് ഭാഗം നഷ്ടപ്പെട്ട് പോയി എന്നാണ് ബോധിപ്പിച്ചിട്ടുള്ളത് . എന്നാൽ വിഷയത്തിന്മേൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം മംഗലാപുരം ഗ്രാമപഞ്ചായത്തിൽ വിശദാന്വേഷണം നടത്തിയ സമയത്ത് ടി അന്വേഷണ സംഘത്തോട് ആരോപണവിധേയായ ശ്രീമതി . ഷെമീം നൽകിയിട്ടുള്ള മൊഴി ടി ഫയലിന്റെ കുറിപ്പ് ഭാഗം മുൻ ജൂനിയർ സുപ്രണ്ട് ശ്രീമതി.ജലജ നശിപ്പിച്ചു എന്നാണ്. എന്നാൽ ടിയാളുടെ പ്രസ്തുത വാദം കാരണം കാണിക്കൽ നോട്ടീസിന് മുൻ ജൂനിയർ സുപ്രണ്ട് ശ്രീമതി . ജലജ സർക്കാരിന് നൽകിയ മറുപടിയിൽ നിഷേധിച്ചിട്ടുണ്ട് . വിജിലൻസ് അന്വേഷണ വേളയിൽ ഉന്നയിക്കാത്ത മേൽ കാര്യം തനിക്കെതിരെയുള്ള സർക്കാർതല നടപടി ദൃഢമാകുന്നു എന്ന് കണ്ട സമയത്താണ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തോട് ശ്രീമതി . ഷെമീം ഉന്നയിച്ചു കാണുന്നത് . 25.02.2015 ന് വിജിലൻസ് അന്വേഷണം നടന്ന സമയത്ത് ഉന്നയിക്കാത്ത ടി വിവരം 29.06.2017 ന് നടന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ സെക്രട്ടറി ഉന്നയിച്ചത് സംശയാസ്പദമാണ് . മാത്രവുമല്ല , ജൂനിയർ സുപ്രണ്ട് ഇത്തരത്തിൽ ഫയൽ കീറി നശിപ്പിച്ചാൽ സെക്രട്ടറി ടി വിവരം ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയോ റിപ്പോർട്ട് മുഖേന അറിയിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയോ ചെയ്യേണ്ടതായിരുന്നു . ഇത്തരത്തിലുള്ള ഒരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല . മാത്രവുമല്ല ജൂനിയർ സുപ്രണ്ട് ഫയൽ കീറി നശിപ്പിച്ചതിന് തെളിവുകളോ സാക്ഷിമൊഴികളോ ലഭ്യമല്ല. മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി . ഷെമീമിന് സർക്കാർ നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങൾ പൂർണമായി നിലനിൽക്കുന്നതാണെന്ന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ശ്രീമതി. എം.ഷമീം ഔപചാരികാന്വേഷണ വേളയിൽ നൽകിയ മൊഴി അംഗീകരിക്കാൻ കഴിയില്ലെന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി .എം.ഷമീമിനെതിരെ അച്ചടക്ക നടപടി തുടർന്നു വരവെ ടിയാരി 30/6/2019 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാൾക്കെതിരെ കേരളാ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി , KSR Part III ചട്ടം 3 (a) പ്രകാരം , ടിയാരിയുടെ പെൻഷനിൽ നിന്നും പ്രതിമാസം ₹ 500/- രൂപാ വീതം 5 വർഷത്തേക്ക് കുറവുചെയ്യുന്നതിന് താത്ക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം(11) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

കാരണം കാണിക്കൽ നോട്ടീസിൽ പറയുന്ന വസ്തുതകൾ സംബന്ധിച്ച് രേഖാമൂലവും 29.3.2019 ലെ ഹിയറിങ് സമയത്തും ആവശ്യമായ രേഖകൾ നല്കിയിട്ടുള്ളതാണെന്നും പ്രസ്തുത വിഷയത്തിൽ സർക്കാരിനോ പഞ്ചായത്തിനോ യാതൊരുവിധ സാമ്പത്തിക നഷ്ടമോ ബാധ്യതയോ ഒന്നും തന്നെ ഉണ്ടാക്കിയിട്ടില്ല എന്നും ഈ വിഷയത്തിൽ മറ്റു രേഖകൾ ഒന്നും തന്നെ അധികമായി ഹാജരാക്കാൻ ഇല്ലായെന്നും പരാമർശം (12) പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ടിയാരി അറിയിച്ചിട്ടുണ്ട് . ടി നോട്ടീസിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണവും നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതിനാൽ വീണ്ടും ഔപചാരിക അന്വേഷണമോ നേരിൽ കേൾക്കുകയോ ചെയ്യേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ടിയാൾ 30.6.2019 ൽ സർവീസിൽ നിന്നും വിരമിച്ചു എങ്കിലും ഇതുവരെ പെൻഷൻ ആനുകൂല്യങ്ങൾ, പ്രൊബേഷൻ ഡിക്ലറേഷൻ, ശമ്പള പുനർനിർണയം എന്നീ ആവശ്യങ്ങൾ അച്ചടക്കനടപടി സംബന്ധിച്ച ഫയൽ തീർപ്പാക്കുന്നതിനുള്ള കാലതാമസം വന്നത് നിമിത്തം നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും സാമ്പത്തികമായ ഒട്ടേറെ കഷ്ടനഷ്ടങ്ങൾ ഇതുമൂലം

സംഭവിച്ചിരിക്കുകയാണെന്നും, മകളുടെ വിവാഹം നടത്തുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുകയാണെന്നും ആയതിനാൽ തനിക്കു നൽകിയ ശിക്ഷയിൽ ഇളവ് നൽകി ടി ഫയലിൽ എത്രയും വേഗം തീർപ്പുകൽപ്പിക്കണമെന്ന് ശ്രീമതി ഷമീം ബോധിപ്പിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഐ. ഷെമീമിന്റെ പെൻഷനിൽ നിന്നും പ്രതിമാസം ₹ 500/- രൂപാ വീതം 5 വർഷത്തേക്ക് കുറവുചെയ്യുന്നതിനുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് വിജിലൻസ് വകുപ്പ് ഭരണ വകുപ്പിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മംഗലാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട കേസിൽ ശ്രീമതി.ഷമീമിനെതിരെ കെ എസ് ആർ പാർട്ട് III യിലെ ചട്ടം 3 (a) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി ടിയാരിയുടെ പെൻഷനിൽ നിന്നും പ്രതിമാസം ₹ 500/- രൂപാ വീതം 5 വർഷത്തേക്ക് കുറവുചെയ്തുകൊണ്ടുള്ള താൽകാലിക തീരുമാനത്തോട് യോജിക്കുന്നതായി ബഹു.കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനും പരാമർശം (13) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. ഐ.ഷെമീമിനെതിരെ അച്ചടക്കനടപടികളുടെ ഭാഗമായി നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും വിജിലൻസ് വകുപ്പിന്റെയും ബഹു.കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റേയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും കെ എസ് ആർ പാർട്ട് III യിലെ ചട്ടം 3 (a) പ്രകാരമുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി ടിയാരിയുടെ പെൻഷനിൽ നിന്നും പ്രതിമാസം ₹ 500/- രൂപാ വീതം 5 വർഷത്തേക്ക് കുറവുചെയ്തുകൊണ്ടുള്ള താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. ഐ.ഷെമീം, മുൻ സെക്രട്ടറി, മംഗലപുരം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം ( ഉപരിപത്രം സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (A&E /ആഡിറ്റ്), കേരള, തിരുവനന്തപുരം
5. വിജിലൻസ്(ഡി) വകുപ്പ് (അനൗ. കുറിപ്പ് നം. VIG- D3/204/2020 VIG തീയതി 23.9.2020 പ്രകാരം)
6. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
8. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2021.02.15 13:13:35 IST
Reason: Approved

സെക്ഷൻ ഓഫീസർ